(ബി) 1995-96-ന്ശേഷം നിയമനം ലഭിച്ചിട്ടുള്ള എല്ലാ അധ്യാപകർക്കും യോഗ്യതാപരീക്ഷ പാസ്സാകണമെന്നുള്ളത് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) അധ്യാപക സംഘടനകളുമായുള്ള വിശദമായ ചർച്ചകൾ നടന്നുവരുന്നു.

(ഡി) കരട്രൂപം തയ്യാറാക്കി കഴിഞ്ഞു. അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾക്കുശേഷം അന്തിമരൂപം നൽകുന്നതാണ്. അതിനുശേഷം എത്രയും വേഗത്തിൽ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

48 (490) സ്വകാര്യ സ്കൂൾ/കോളേജ് അധ്യാപക നിയമനത്തിന് ബോർഡ് രൂപീകരണം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ/കോളേജ് അധ്യാപക നിയമനത്തിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡിന് രൂപംനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സ്വകാര്യ സ്കൂൾ/കോളേജ് അധ്യാപക നിയമനത്തിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡിന് രൂപംനൽകാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

49 (491) സ്വകാര്യ സ്കൂളുകളിലെ അധ്യാപകനിയമനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂളുകളിലെ അധ്യാപക നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് അധ്യാപക സംഘടനകളുടെ അഭിപ്രായം സർക്കാർ ആരാഞ്ഞിട്ടുണ്ടോ;

(സി) സ്വകാര്യ സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ സ്കൂളുകളിലെ നിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന് മാനേജ്മെന്റിന് കർശനമായ നിർദ്ദേശം നൽകുമോ;

(ഇ) അധ്യാപക നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളിൽനിന്നും വൻതുക കോഴവാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം കേസ്സുകളിൽ മാനേജ്മെന്റിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly